# മെഡിക്കൽ  വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

മെ.വി.കാ.- ജീവനക്കാര്യം- എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേററ് സർവീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തിക മാററം വഴി നിയമനം നൽകുന്നത് 7.3.2015 ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1. 3.1.2014ലെ സ.ഉ.(പി) നമ്പർ 1/2014/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്
2. 19.7.2014ലെ സ.ഉ.(പി) നമ്പർ 21/2014/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്
3. ഈ ഓഫീസിലെ 7.3.2015ലെ ഇ5/6666/2014/മെ.വി.കാ. നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ ഇ5/6666/2014/മെ.വി.കാ. തീയതി 20.3.2015**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി.ക്ലാർക്ക്/ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേററ് സർവീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തിക മാററം വഴി നിയമനം നൽകുന്നതിന് സൂചന മൂന്ന് പ്രകാരം വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ ഉത്തരവ് താഴെപ്പറയുന്ന പ്രകാരം പരിഷ്കരിച്ചും സ്പഷ്ടീകരിച്ചും ഉത്തരവാകുന്നു.

1. എൽ.ഡി.ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ 10% തസ്തിക മാററ നിയമനത്തിന് അപേക്ഷിച്ചിട്ടുള്ള ജീവനക്കാർ, അവർ ലാസ്റ്റ് ഗ്രേഡിലോ താഴ്ന്ന തസ്തികകളിലോ (Low paid) ഏതിലാണ് ആദ്യനിയമനം ലഭിച്ചത്, ആ ജില്ലയിലായിരിക്കും അവർക്ക് ഈ പദ്ധതി പ്രകാരം നിയമനാർഹത. പിന്നീട് അവർ സ്ഥാനക്കയററം മൂലം മററ് ജില്ലകളിൽ ജോലിയിൽ തുടരുന്നുവെങ്കിലും നിയമനാർഹത ആദ്യ നിയമനം ലഭിച്ച ജില്ലയിലായിരിക്കും.

2. എന്നാൽ അപേക്ഷ പ്രകാരം അന്തർ ജില്ലാ സ്ഥലം മാററം വഴിയോ, അപേക്ഷ പ്രകാരമുള്ള തസ്തികമാററം വഴിയോ ജില്ലാ തല സ്ഥലം മാററം വരുന്നവർക്ക് പുതിയ ജില്ലയിലെ സീനിയോറിററി ലിസ്റ്റിൽ ഉൾപ്പെടുന്നതിനാണ് അർഹത.

3. ആയതിനാൽ ഇത്തരത്തിൽപ്പെടുന്ന ജീവനക്കാരുടെ അപേക്ഷകൾ, സേവനപുസ്തകം പരിശോധിച്ച്, തിരുത്തലുകൾ ഉണ്ടെങ്കിൽ അവ രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തലോടെ, അവർ ആദ്യ നിയമനം ലഭിച്ച ജില്ലയിലെ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് കൈമാറേണ്ടതാണ്. ഇപ്രകാരമുള്ള എല്ലാ അപേക്ഷകളും അതത് നിയമനാധികാരിയ്ക്ക് 31.3.2015ന് മുമ്പ് കൈമാറേണ്ടതാണ്. അല്ലാത്തപക്ഷം ഇത്തരം അപേക്ഷകൾ കൈവശം വച്ചിട്ടുള്ള നിയമനാധികാരികൾ ഉത്തരവാദികൾ ആയിരിക്കും.

4. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേററിലെ 10% തസ്തികമാററത്തിനുള്ള എൽ.ഡി.ക്ലാർക്ക് ഒഴിവുകൾ ഹെഡ്ക്വാർട്ടർ ഒഴിവുകളായി കണക്കാക്കപ്പെടുന്നതും, അവ ഊഴമനുസരിച്ച് എല്ലാ ജില്ലകൾക്കും അവകാശപ്പെട്ടതുമായിരിക്കും. ഹെഡ്ക്വാർട്ടർ നിയമനം ഡയറക്ടറേററിൽ നിന്നായിരിക്കും. ഇതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

5. ഈ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിലെ 10% തസ്തികമാററ നിയമനത്തിനുള്ള നിയമനാധികാരിയായി തിരുവനന്തപുരം ഗവണ്മെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

6. കെ.എസ്.&എസ്.എസ്.ആർ. ചട്ടം 27 ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ബാധകമല്ലാത്തതിനാൽ, അന്തർവകുപ്പ് സ്ഥലം മാററം നേടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ വന്നവരും 10% തസ്തിക മാററ നിയമനത്തിന് അപേക്ഷിച്ചിട്ടുള്ളവരുമായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിററി, ലാസ്റ്റ് ഗ്രേഡ് വിശേഷാൽ ചട്ടത്തിലെ 14, 17 (ഡി) എന്നിവ പ്രകാരം നിശ്ചയിക്കേണ്ടതാണ്.

7. പരാമർശം മൂന്ന് ഉത്തരവിലെ ഖണ്ഡിക 15ൽ സൂചിപ്പിച്ചിട്ടുള്ള ശമ്പളസ്കെയിലുകൾ 3.1.2014 തീയതി വച്ചാണ് കണക്കാക്കേണ്ടത്.

10. മേൽപ്പറഞ്ഞ പരിഷ്കാരങ്ങളോടെയും സ്പഷ്ടീകരണത്തോടെയും സൂചന മൂന്നിലെ ഉത്തരവ് നിലനിർത്തിക്കൊണ്ടും ഉത്തരവാകുന്നു.

ഒപ്പ്
ഡോ.വി.ഗീത
ഡയറക്ടർ

പകർപ്പ്:
1. ഗവണ്മെന്റ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്തോടെ)
2. പ്രിൻസിപ്പാൾ, ഗവണ്മെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/ഇടുക്കി/തൃശൂർ/ കോഴിക്കോട്/മഞ്ചേരി/
3. പ്രിൻസിപ്പൽ, ഗവണ്മെന്റ് ഡെന്റൽ കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/കോഴിക്കോട്
4. പ്രിൻസിപ്പൽ, ഗവണ്മെന്റ് നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/തൃശൂർ/ കോഴിക്കോട്
5. ഡയറക്ടർ, കണ്ണാശുപത്രി, തിരുവനന്തപുരം
6. സൂപണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/തൃശൂർ/കോഴിക്കോട്
7. ഡയറക്ടറുടെ സി.എ/സീനിയർ അഡ്മിനിസ്ട്രേററിവ് ഓഫീസർ/അഡ്മിനിസ്ട്രേററിവ് അസിസ്റ്റന്റ് 1
8. ഫയൽ/കരുതൽ/റെക്കോർഡ്സ്/ഇ1 സീററ്

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

JR/20.3.2015